## മറ്റൊരു ലോകം സാധ്യമാണ്

# ചെറുത്തുനില്പിന്റെ ജനകീയമുഖമായി കേരളസംഗമം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ആഗോളവൽക്കരണത്തിനെതിരെയുള്ള പോരാട്ടത്തിൽ ജനകീയകൂട്ടായ്മക്ക് വഴിയിട്ടുകൊണ്ട് വേൾഡ്സോഷ്യൽഫോറം കേരളസംഗമം നടന്നു. ഉയർന്നുവരുന്ന വിഷയങ്ങളേയും പ്രശ്നങ്ങളേയും സംബന്ധിച്ച് സമയബന്ധിതമായി കൂട്ടായ്മകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചാണ് 4 ദിവസത്തെ സംഗമം സമാപിച്ചത്.

കോട്ടൺഹിൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ഡിസംബർ 26 മുതൽ 29 വരെയായിരുന്നു പരിപാടി. 220 സംഘടനകൾ പങ്കെടുത്തു. 42 സെമിനാറുകൾ, 84 ശില്പശാലകൾ, കോൺഫറൻസുകൾ, ഓപ്പൺഫോറം എന്നിവ സംഗമത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു.

കേരളസംഗമത്തിന്റെ തുടർപരിപാടിയായി 'കേരളത്തിലെ ജലവിഭവ സംരക്ഷണവും ശാസ്ത്രീയ ഉപയോഗവും' എന്ന വിഷയത്തിൽ 2 മാസത്തിനകം കൂട്ടായ്മ സംഘടിപ്പിക്കും. നാട്ടിലെ ധനവിഭവം ഉപയോഗിച്ച് തന്നെ കേരളത്തിനു മുന്നോട്ടുപോകാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ശില്പശാല സംഘടിപ്പിക്കും. ആഗോളവൽക്കരണത്തിനെതിരായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കൂടുതൽ സംഘടനകളെ സോഷ്യൽ ഫോറവുമായി ബന്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

വ്യവസ്ഥാപിതരീതിയിൽ നിന്നും വ്യത്യസ്തമായാണ് കേരളസംഗമം സംഘടിപ്പിക്കാൻ ശ്രമിച്ചത്. ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, പരിസ്ഥിതി പ്രസ്ഥാനങ്ങൾ, ശാസ്ത്രപ്രസ്ഥാനങ്ങൾ, സ്ത്രീ സംഘടനകൾ, പ്രാദേശിക ചെറുത്തുനില്പ് സംഘങ്ങൾ, ദളിത് സംഘടനകൾ എന്നിങ്ങനെ വൈവിധ്യമുള്ള സംഘടനകൾ സംഗമത്തിൽ പങ്കുചേർന്നു. പങ്കാളികളുടെ തുല്യപങ്കാളിത്തത്തിലും പ്രാധാന്യത്തിലുമാണ് പരിപാടി സംഘടിപ്പിച്ചത്.

ജൈവകൃഷി, പ്രകൃതിജീവനം, ഫെമിനിസം തുടങ്ങിയവയും മത്സ്യമേഖലയിലേയും കയർമേഖലയിലേയും അടിസ്ഥാന പ്രതിസന്ധികളും ബാങ്കിംഗ്-ടെലികോം തുടങ്ങിയ മേഖലകളിലെ സമകാലീന പ്രതിസന്ധികളും വഴിയോരക്കച്ചവടക്കാരുടെ പ്രശ്നങ്ങളും പ്ലാച്ചിമടയിലെ കൊക്കകോളവിരുദ്ധസമരവും കുടിവെള്ളവില്പനയും സ്വതന്ത്രസോഫ്റ്റ്വെയറും ഇ-ഗവേണൻസും വിവിധവേദികളിലായി സജീവ ചർച്ചാവിഷയമായി.

വൈവിധ്യമുള്ള സംഘടനകൾ സംഗമത്തിൽ പങ്കുചേർന്നു.

ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുകയും എന്നാൽ വ്യത്യസ്ത പ്രവർത്തനശൈലിയുള്ളതുമായ സംഘടനകൾ ഒരു പ്ലാറ്റ്ഫോമിൽ അണിനിരക്കാൻ വഴിയൊരുങ്ങിയെന്നതും അനുഭവങ്ങളും വിമർശനങ്ങളും പ്രതീക്ഷകളും പങ്കിടാനും ചെവികൊള്ളാനും വിവിധസംഘടനകൾക്ക് അവസരമായി എന്നതും കേരളാസംഗമത്തെ പ്രസക്തമാക്കുന്നു.

ഡബ്ല്യു.ടി.ഒ. വിരോധി അഭിയാൻ നേതാവ് എസ്.വി. ഷൂലു ഉദ്ഘാടനം ചെയ്ത കേരളസംഗമത്തിൽ സാംസ്കാരികപരിപാടികൾ, സാംസ്കാരിക യാത്ര, ആഗോളവൽക്കരണ വിരുദ്ധ പ്രതിജ്ഞ എന്നിവയുമുണ്ടായിരുന്നു. ആഗോളവൽക്കരണത്തിനെതിരായുള്ള പ്രവർത്തനങ്ങളുടെയും ഉല്പന്നങ്ങളുടെയും പ്രദർശനവും സംഘടിപ്പിച്ചിരുന്നു.